**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1411** **04-07-2022 - ൽ മറുപടിയ്ക്ക്**

**ഗോത്ര മേഖലകളിൽ നടപ്പിലാക്കിയ വിദ്യാഭ്യാസ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ആദിവാസി മേഖലകളിൽ തൊണ്ണൂറ് ശതമാനത്തിൽ ഏറെ കുട്ടികളും പത്താം ക്ലാസ്സോടെ പഠനം ഉപേക്ഷിക്കുന്നതായുള്ള റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **ആദിവാസി മേഖലയിൽ ഒരു വിഭാഗം കുട്ടികൾ പഠനം ഉപേക്ഷിക്കുന്ന പ്രശ്നം ഇന്നും നിലനിൽക്കുന്നുണ്ട് എന്നത് വാസ്തവമാണ്. നമ്മൾ പൊതുവേ വിദ്യാഭ്യാസ മേഖലയിൽ ഉണ്ടാക്കിയ മുന്നേറ്റം പാർശ്വവത്കൃത സമൂഹങ്ങളിൽ നമ്മൾ ആഗ്രഹിച്ച തരത്തിൽ എത്തിച്ചേർന്നിട്ടില്ല എന്നാണ് പൊതുവെ വിലയിരുത്തുന്നത്. സാമൂഹിക – സാമ്പത്തിക - ഭൂമിശാസ്ത്രപരമായ പ്രശ്നങ്ങളെല്ലാം ചേർന്നാണ് ഈ സാഹചര്യം ഉണ്ടാകുന്നത്. ആദിവാസി വിഭാഗങ്ങളുടെ ജീവിത നിലവാരത്തിൽ പൊതുവെ ഉണ്ടാകുന്ന ഉയർച്ചയുടെ ഭാഗമായി മാത്രമേ വിദ്യാഭ്യാസ പ്രശ്നങ്ങളും പരിഹരിക്കാൻ കഴിയുകയുള്ളൂ. അതിന് പലവിധമായ ഇടപെടലുകൾ ആവശ്യമാണ്. ആദിവാസി വിഭാഗത്തിലുള്ള കുട്ടികൾ കൂടുതലുള്ള വിദ്യാലയങ്ങളിൽ അവരെ പ്രത്യേകം സഹായിക്കുന്നതിനായി മെന്റർ ടീച്ചറെ നിയമിക്കുന്നതുപോലുള്ള പല ഭാവനാ പൂർണമായ പദ്ധതികളും സർക്കാർ നടപ്പാക്കി വരുന്നുണ്ട് എങ്കിലും ഈ പ്രശ്നം ഇപ്പോഴും പൂർണമായും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ 90 ശതമാനത്തിലധികം കുട്ടികളും പത്താം ക്ലാസിന് ശേഷം പഠനം ഉപേക്ഷിക്കുന്നതായുള്ള ഒരു റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.** |
| (ബി) | ഗോത്ര മേഖലകളിലെ കുട്ടികളിൽ ശരിയായ ലക്ഷ്യബോധമുണ്ടാക്കാൻ ഉതകുന്ന തരത്തിലുള്ള വിദ്യാഭ്യാസ രീതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | **ഗോത്ര മേഖലയിലെ കുട്ടികളുടെ വിദ്യാഭ്യാസ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. എസ്.സി.ഇ.ആർ.ടി, എസ്.എസ്.കെ, കെ ഡിസ്ക് തുടങ്ങിയ ഏജൻസി കളെല്ലാം ഈ മേഖലയിൽ ഇടപെട്ട് പ്രവർത്തിക്കുന്നുണ്ട്. ഡയറ്റുകളുടെ നേതൃത്വത്തിലും തനത് പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. പാഠ്യ പദ്ധതിപരിഷ്കരണത്തിലേയ്ക്ക് കേരളം കടക്കുകയാണ്. ഇതിൽ പാർശ്വവൽ ക്കരിക്കപ്പെടുന്നവരുടെ** |

| | | | |
|---|---|---|---|
| | | | **വിദ്യാഭ്യാസം ഒരു പ്രധാന പരിഗണനാ മേഖലയാണ്. ഈ മേഖലയിലെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കാനും അവരെക്കൂടി വിജ്ഞാന സമൂഹത്തിന്റെ ഭാഗമായി ഉയർത്തി ക്കൊണ്ടുവരാനുള്ള ആശയങ്ങളും പ്രവർത്തന പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.** |
| (സി) | ഗോത്ര മേഖലകളിലെ താഴ്ന്ന ക്ലാസ്സുകളിൽ മലയാള ഭാഷയിലുള്ള അധ്യയനം കുട്ടികൾക്ക് ആശയ വിനിമയത്തിൽ പ്രയാസം ഉണ്ടാക്കുന്നതായി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (സി) | ഭാഷാപരമായ അകൽച്ച ആദിവാസി മേഖലയിലെ ക്ലാസ്സ് മുറികളിൽ ഉള്ളതായി പഠനങ്ങൾ ചൂണ്ടി ക്കാണിക്കുന്നുണ്ട്. ഇത് പരിഹരി ക്കാനാണ് ആദിവാസി വിഭാഗ ത്തിൽപ്പെട്ട യോഗ്യരായ ആളുകളെ മെന്റർ ടീച്ചർ എന്ന നിലയിൽ വയനാട്, അട്ടപ്പാടി മേഖലകളിൽ നിയോഗിച്ചത്. മലയാളത്തിൽ അധ്യയനം നടക്കുന്ന ക്ലാസ്സ് മുറികളിലും ഒരു ബന്ധഭാഷ (Link language)എന്ന നിലയിൽ ആദിവാസി ഭാഷകളും ചെറിയ ക്ലാസ്സുകളിൽ ഉപയോഗിക്കണം എന്നാണ് ഇപ്പോൾ പിൻതുടരുന്ന സമീപനം. |
| (ഡി) | ആദിവാസി മേഖലകളിൽ ആരംഭിച്ച സാമൂഹിക പഠന മുറികൾ എത്ര മാത്രം ലക്ഷ്യം കൈവരിച്ചിട്ടുണ്ട് എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | കോവിഡ് കാലത്ത് സ്കൂളുകൾ അടച്ചിട്ട സാഹചര്യത്തിൽ, ആദിവാസി മേഖയിലുള്ള കുട്ടികളുടെ പഠനം മുടങ്ങിപ്പോകാതിരിക്കാനും അവർ സാമൂഹികമായി ഒറ്റപ്പെട്ട് പോകാ തിരിക്കാനും സാമൂഹിക പഠനമുറികൾ ഏറെ പ്രയോജനം ചെയ്തിട്ടുണ്ട്. പഠനമുറികളിൽ ടിവി സജ്ജീ കരിക്കുകയും മെന്റർ ടീച്ചറുടെ സേവനം ലഭ്യമാക്കുകയും ചെയ്തു. കൂടാതെ ബി.ആർ.സി കളിൽ നിന്നും തൊട്ടടുത്ത സ്കൂളുകളിൽ നിന്നും അദ്ധ്യാപകർ ഊഴം വച്ച് സാമൂഹിക പഠന മുറികൾ സന്ദർശിക്കുകയും കുട്ടികളുമായി ഇടപഴകുകയും ചെയ്യുന്നതിന് ക്രമീകരണമൊരുക്കി. സാമൂഹിക പഠന മുറികൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും കൂടുതൽ ഫലപ്രദമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ